**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5020** **20-03-2025 - ൽ മറുപടിയ്ക്ക്**

**മോട്ടോർ തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ ഉടമ വിഹിതം അടയ്ക്കുന്ന തൊഴിലാളികൾക്ക് മാത്രമേ നിലവിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നുള്ളൂ എങ്കിലും ഭൂരിഭാഗം തൊഴിലാളികളും ക്ഷേമനിധിയിൽ അംഗത്വം എടുക്കാത്തവരാണെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ 15,86,163 വാഹനങ്ങളും 11,58,235 തൊഴിലാളികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉടമാ വിഹിതം മാത്രമായി ഒടുക്ക് വരുത്തുന്ന വാഹനത്തിലെ തൊഴിലാളികൾക്ക് ആനുകൂല്യം അനുവദിക്കുന്നതിന് കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം വ്യവസ്ഥയില്ല. ക്ഷേമനിധി അംഗത്വം എടുക്കേണ്ട ആവശ്യകത തൊഴിലാളികളെ ബോധവൽക്കരിക്കുന്നതിലേക്ക് ജില്ലാ ഓഫീസുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസുകൾ, ക്യാമ്പ് സിറ്റിംഗുകൾ, ഭവന സന്ദർശനം എന്നിവ നടത്തി വരുന്നു. 2024 ജനുവരി മുതൽ നാളിതുവരെ 523 ക്യാമ്പ് സിറ്റിംഗ്/ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ബസ് സ്റ്റാന്റ് / ആട്ടോറിക്ഷാ സ്റ്റാന്റ് / ടാക്സി സ്റ്റാന്റ് എന്നിങ്ങനെ 2432 സ്ഥലങ്ങളിലായി നോട്ടീസുകൾ വിതരണം ചെയ്ത് പദ്ധതിയെ കുറിച്ച് തൊഴിലാളികൾക്കിടയിൽ അവബോധം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 2025 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി ആകെ 34,411 തൊഴിലാളികൾ അംഗത്വം എടുത്തിട്ടുണ്ട്. |
| (ബി) | ഡ്രൈവിംഗ് ലൈസൻസ് ഉള്ളവരും ക്ഷേമനിധിയിൽ അംഗത്വം എടുത്ത് കുടിശിക വരുത്താതിരിക്കുന്നതുമായ മുഴുവൻ മോട്ടോർ തൊഴിലാളികൾക്കും ക്ഷേമനിധിയിൽ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് മോട്ടോർ തൊഴിലാളി ക്ഷേമനിധി ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ? | (ബി) | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി നിയമം, പദ്ധതി എന്നിവ പ്രകാരം വാഹന ഉടമ സമർപ്പിക്കുന്ന FORM 3-യിൽ പേരുള്ള തൊഴിലാളികൾക്കാണ് ബോർഡിൽ തൊഴിലാളിയായി അംഗത്വം രജിസ്റ്റർ ചെയ്യുന്നതിന് അർഹതയുള്ളത്. ഉടമാ വിഹിതം തുടർച്ചയായി ഒടുക്ക് വരുത്തുമ്പോൾ മാത്രമാണ് മേൽ വാഹനത്തിലെ തൊഴിലാളി സജീവ അംഗമായി തുടരുന്നു എന്നത് അറിയാൻ സാധിക്കുന്നത്. ഉടമാവിഹിതവും ആനുപാതികമായ തൊഴിലാളി വിഹിതവും കുടിശ്ശികയില്ലാതെ ഒടുക്ക് വരുത്തുന്ന മുഴുവൻ മോട്ടോർ തൊഴിലാളികൾക്കും ക്ഷേമനിധിയിൽ നിന്നും ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ട്. ഇക്കാര്യത്തിൽ നിലവിൽ |

| | | | |
|---|---|---|---|
| | | | നിയമത്തിലോ പദ്ധതിയിലോ ഭേദഗതി വരുത്തേണ്ട ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ